5. ഡ്രെയിനേജ്

6. മാലിന്യ സംസ്കരണം

7. ബയോഗ്യാസ് പ്ലാന്റ്

8. വരുമാനദായക പദ്ധതികൾ

9. ശുചീകരണപ്രവർത്തനം

10. വനിതകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ

11. സോളാർ തെരുവ് വിളക്ക്

12. റീറ്റെയിനിംഗ് വാൾ

13. അടുക്കളത്തോട്ടം

തുടങ്ങിയ വികസന പ്രവർത്തനങ്ങൾ കോളനികളുടെ സാഹചര്യമനുസരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) ഇല്ല.

സ്വയം പര്യാപ്ത ഗ്രാമങ്ങൾ

234 (5037) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല സ്വയംപര്യാപ്ത ഗ്രാമങ്ങളുടെയും നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ആയത് വിലയിരുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജക മണ്ഡലത്തിലെ വരവൂർ നെല്ലിക്കുന്ന് കോളനിയിലെ വികസന പ്രവർത്തനങ്ങൾ കോളനി നിവാസികളുടെ പരാതിയെത്തുടർന്ന് മോണിറ്ററിംഗ് കമ്മിറ്റികൂടി

LIBRARY ARCHIVES Kerala Legislative Assembly

താൽക്കാലികമായി നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട വാർത്തയാണ് മാധ്യമങ്ങളിൽ വന്നിട്ടുള്ളത്. മറ്റ് കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പാതിവഴിയിൽ ഉപേക്ഷിച്ചതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. പ്രസ്തുത കോളനിയുടെ നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ഓഫ് ട്രാവൻകൂർ (FIT)-ന്റെ പ്രവർത്തനങ്ങളിൽ കോളനി നിവാസികൾ അതൃപ്തി രേഖപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൂടി ഇതുവരെ നടന്ന പ്രവൃത്തികൾ വിലയിരുത്തിയതിനു ശേഷം മാത്രം പണികൾ തുടർന്ന് നടത്തിയാൽ മതിയെന്ന് തീരുമാനിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിലെ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ, ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ഇതുവരെ നടന്ന പ്രവൃത്തികൾ വിലയിരുത്തുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു. ഈ രണ്ട് ഓഫീസുകളിൽ നിന്നുള്ള നിർദ്ദേശ പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ അനുബന്ധ രേഖകളായ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, മെഷർമെന്റ് ബുക്ക് എന്നിവ ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കരുനാഗപ്പള്ളി മണ്ഡലത്തിലെ പ്രവൃത്തികൾ

235 (5038) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി ക്ഷേമവകുപ്പ് മുഖാന്തരം കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും വിതരണം ചെയ്ത വിവിധ സഹായങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റതിനുശേഷം പട്ടികജാതി ക്ഷേമവകുപ്പ് മുഖാന്തരം കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും വിതരണം ചെയ്ത വിവിധ സഹായങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly